## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1887. — 12..02..2013-ൽ മറുപടിയ്ക്ക്

# വെബ്സൈറ്റിൽ ഗവണ്മെന്റ് ഉത്തരവുകൾ

| ചോദ്യം<br><br>പ്രൊഫ. സി. രവീന്ദ്രനാഥ് | ഉത്തരം<br><br>ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇന്നുവരെ ഓരോ വകുപ്പിൽ നിന്നും എത്ര ഗവണ്മെന്റ് ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി.; | (എ) വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) എല്ലാ വകുപ്പുകളിൽ നിന്നും പ്രസ്തുത കാലയളവിൽ പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ് ആന്റ് ന്യൂ മീഡിയാ വിഭാഗം വഴി യഥാ സമയം പ്രസിദ്ധപ്പെടുത്തിയി ട്ടുണ്ടോ; | (ബി) ഈ വകുപ്പിൽ ലഭ്യമായ എല്ലാ ഉത്തരവുകളും യഥാസമയം ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധ പ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ സർക്കാർ വകുപ്പുകളും പുറപ്പെടു വിക്കുന്ന ഉത്തരവുകൾ/സർക്കുലർ/ വിജ്ഞാപനങ്ങൾ/ടെൻഡർ/കരാറുകൾ എന്നിവ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ് & ന്യൂ മീഡിയ വിഭാഗത്തിന് ലഭ്യമാക്കണ മെന്ന് നിർദ്ദേശിച്ച് 23.11.2012-ലെ 27490/എ2/12/ഐ&പി.ആർ നമ്പർ സർക്കുലർ നിർദ്ദേശവും പുറപ്പെടുവി ച്ചിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ ഇതിനകം പ്രസിദ്ധീകരിക്കാത്ത എത്ര ഉത്തരവുകളുണ്ടെന്നും അവ ഏതൊക്കെയെന്നും ഏതെല്ലാം വകുപ്പുകളുടേതാണെന്നും വ്യക്തമാക്കാമോ.? | (സി) വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ